# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *593 — 23.05.2017 ലെ മറുപടിക്ക്

## കെട്ടിടനിർമ്മാണത്തിനുള്ള ഓൺലൈൻ അപേക്ഷ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അൻവർ സാദത്ത്<br>ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.എ.പി.അനിൽ കുമാർ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | ശ്രീ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) പൂർത്തിയാക്കിയിട്ടില്ല. ആയത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ബി) കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ലംഘനങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനും നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിവരിക്കാമോ;<br><br>(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ബി) യും (സി) യും ഇതിനായി ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിലും വിജിലൻസ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകളിന്മേലും കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് നമ്പരിടാനുള്ള അപേക്ഷകളിന്മേലും ഫീൽഡ് തലത്തിൽ സൂക്ഷ്മ പരിശോധന നടത്തി കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ലംഘനങ്ങൾ ഇല്ലായെന്ന് തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം ഉറപ്പുവരുത്തുന്നുണ്ട്. അനധികൃതമായി നിർമ്മാണം ആരംഭിച്ചിട്ടുള്ള കെട്ടിടങ്ങളുടെ കാര്യത്തിലും അനധികൃതമായി നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള കെട്ടിടങ്ങളുടെ കാര്യത്തിലും ശക്തമായ നടപടികൾ കൈക്കൊള്ളുന്നതിന് നഗരസഭകൾക്ക് അധികാരമുണ്ട്. അവധി ദിവസങ്ങളിലെ അനധികൃത കെട്ടിട നിർമ്മാണങ്ങൾ തടയുന്നതിന് നഗരസഭാ സെക്രട്ടറി, നഗരസഭ എഞ്ചിനീയർ/കെട്ടിട നിർമ്മാണാനുമതിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, നഗര-ഗ്രാമാസൂത്രണ വകുപ്പിലെ ജില്ലാ ടൗൺ പ്ലാനർ/ഡെപ്യൂട്ടി ടൗൺ പ്ലാനർ, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ |

(തുടർച്ച......2)

ച്ചുമതലയുള്ള റീജിയണൽ ജോയിന്റ് ഡയറക്ടർ എന്നിവർ അംഗങ്ങളായുള്ള ഒരു സ്ക്വാഡ് രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളതാണ്. കാലാകാലങ്ങളിൽ നഗരസഭ സെക്രട്ടറി പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ രാത്രികാലങ്ങളിലും മറ്റും നഗരസഭ ഉദ്യോഗസ്ഥന്മാർ പരിശോധന നടത്തി നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ സർക്കാരിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ രൂപീകൃതമായിട്ടുള്ള ചീഫ് ടൗൺ പ്ലാനർ വിജിലൻസിന് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി നിർമ്മാണം നടത്തിയിട്ടുള്ളതും, നിർമ്മാണം നടന്നു വരുന്നതുമായ കെട്ടിടങ്ങൾ പരിശോധിച്ച് നടപടിക്ക് ശുപാർശ ചെയ്യുന്നതിനും, നിർമ്മാണം അനധികൃതമാണെന്ന് കാണുന്നപക്ഷം അവ നിർത്തിവയ്പിക്കുന്നതിനും, അവ പൊളിച്ച് മാറ്റുന്നതിനും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക് നേരിട്ട് നിർദ്ദേശം നൽകുന്നതിനും സർക്കാർ അധികാരം നൽകിയിട്ടുണ്ട്. ചീഫ് ടൗൺ പ്ലാനർ വിജിലൻസിന്റെ പരിധിയിൽ സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും, ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് വകുപ്പിലെ എല്ലാ ഓഫീസുകളും ഉൾപ്പെടുന്നുണ്ട്.

സെക്ഷൻ ഓഫീസർ